നം.കെ.എസ്.എ.പി.റ്റി.എ.പി**6-1110/17** തീയതി**: 3.10.2017**

<u>പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**</u>

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 6.11.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 7.8.2017 മുതൽ 19.8.2017 വരെ | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മഹേഷ് കുമാർ കെ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

<u>പ്രസിഡന്റ്</u>

| | |
|---|---|
| ശ്രീമതി ലേഖ സുരേഷ് | 1.4.2016 മുതൽ 31.3.2017 വരെ |

<u>സെക്രട്ടറി</u>

| | |
|---|---|
| ശ്രീ. അനിൽകുമാർ അർ എസ് | 1.4.2016 മുതൽ 27.9.2016 വരെ |
| ശ്രീ. റോയി തോമസ്, അസി. സെക്രട്ടറി<br>*(സെക്രട്ടറിയുടെ അധിക ചുമതല)* | 28.9.2016 മുതൽ 6.10.2016 വരെ |
| ശ്രീ. അശോക് കുമാർ ജി, അസി. സെക്രട്ടറി<br>*(സെക്രട്ടറിയുടെ അധിക ചുമതല)* | 7.10.2016 മുതൽ 27.12.2016 വരെ |

| | |
|---|---|
| ശ്രീ. പി കെ ജയൻ | 28.12.2016 മുതൽ 8.2.2017 വരെ |
| ശ്രീ. പി ആർ വിജയസേനൻ, അസി. സെക്രട്ടറി<br>*(സെക്രട്ടറിയുടെ ചുമതല)* | 9.2.2017 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീ. ബി അജയകുമാർ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| ഡോ. വിൻസന്റ് സേവ്യർ | 1.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി റ്റി സി അമ്മിണിക്കുട്ടി | 1.4.2016 മുതൽ 20.7.2016 വരെ |
| ശ്രീ. റാണ എം ആർ | 21.7.2016 മുതൽ 25.8.2016 വരെ |
| ശ്രീ. അരുൺ ചന്ദ് എം വി | 26.8.2016 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. റ്റി കെ സുനിൽ ബാബു | 1.4.2016 മുതൽ 9.11.2016 വരെ |
| ശ്രീ. വിൻസന്റ് ആർ | 10.11.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | |
| ശ്രീമതി അഖില എം ജി | 1.4.2016 മുതൽ 16.9.2016 വരെ |
| ശ്രീ. ഷമൻ ഷാജഹാൻ | 17.9.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി ജ്യോതി ജയറാം | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ശ്രീമതി സന്ധ്യമോൾ കെ ബി | 1.4.2016 മുതൽ 9.8.2016 വരെ |
| ശ്രീ. വിനു വിജയൻ | 10.8.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ, ജിയുപിഎസ്, സീതത്തോട് | |
| ശ്രീ. ഹുസൈൻ ചാവടി | 1.4.2016 മുതൽ 31.3.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-**1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-**2** | |
| 12 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്ത് രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു | 2-1 |

| | | |
|---|---|---|
| 13 | വസ്തു നികുതിയായി പിരിച്ചത് 26.21 % മാത്രം. കുടിശ്ശിക തുക 36 ലക്ഷത്തിനും മുകളിൽ | 2-2 |
| 14 | സേവനനികുതി പിരിച്ചെടുക്കൽ-പഞ്ചായത്തിന് അലംഭാവം | 2-3 |
| | ഭാഗം-**3** | |
| 15 | 'സുന്ദര ബാല്യം സുഭക്ഷിത ബാല്യം' - പാകം ചെയ്ത ഭക്ഷണകിറ്റ് വിതരണം- പദ്ധതി ഗ്രാമപ്പഞ്ചായത്തിന്റെ മാത്രം ചുമതലയായി | 3-1 |
| 16 | പ്രൊഫഷണൽ കോഴ്സ് പഠിയ്ക്കുന്ന പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ് വാങ്ങി നൽകിയതിൽ അപാകതകൾ | 3-2 |
| 17 | നിലയ്ക്കൽ പ്ലാപ്പള്ളി കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ– വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 3-3 |
| 18 | വീട് പുനരുദ്ധാരണത്തിന് അനർഹമായി 50000 രൂപ നൽകി | 3-4 |
| 19 | സീതത്തോട് പി.എച്ച്.സിയിൽ സെറാമിക് ടൈൽ ഇട്ടതിൽ ഗുണനിലവാരം പാലിച്ചിട്ടില്ല | 3-5 |
| 20 | അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 3-6 |
| 21 | ഓടയ്ക്ക് സ്ലാബ് നിർമ്മിച്ചതിൽ 12mm കനമുള്ള കമ്പിയ്ക്ക് പകരം 8mm കമ്പി ഉപയോഗിച്ചു | 3-7 |
| 22 | കുഴൽ കിണർ നിർമ്മാണത്തിന് തുക നിക്ഷേപിച്ചു- പ്രവൃത്തികൾ പൂർത്തിയായിട്ടില്ല | 3-8 |
| 23 | വീട് വൈദ്യുതീകരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 24 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ, ഫിറ്റിംഗ് - അപാകതകൾ | 3-10 |
| 25 | വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം- രേഖകൾ പൂർണ്ണമല്ല | 3-11 |
| 26 | മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ– പദ്ധതി ലക്ഷ്യപ്രാപ്തിയിൽ നിന്നും അകലെ | 3-12 |
| 27 | വീട് നിർമ്മാണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-13 |
| 28 | കുടിവെള്ള വിതരണം - രേഖകൾ പൂർണ്ണമല്ല | 3-14 |

| | | |
|---|---|---|
| 29 | ഗ്രാമകേന്ദ്രങ്ങൾക്ക് വാങ്ങിയ ഫർണ്ണീച്ചറുകൾ വിതരണം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നു | 3-15 |
| 30 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വാങ്ങിയ ഫർണ്ണീച്ചർ വിതരണം ചെയ്യാത്തവസ്ഥയിൽ | 3-16 |
| 31 | പഴയ ഫോട്ടോസ്റ്റാറ്റ് മെഷീനിന്റെ വില നിർണ്ണയിച്ചത് ക്രമപ്രകാരമല്ല | 3-17 |
| 32 | എസ്.എസ്.എ പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല | 3-18 |
| 33 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-19 |
| 34 | ആശ്രയ പദ്ധതി - അവലോകനം | 3-20 |
| | ഭാഗം-4 | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 9.3.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത്* | *യഥാർത്ഥത്തിൽ* | *വ്യത്യാസം* | *ശതമാനം* |
|---|---|---|---|---|

| | *(ബഡ്ജറ്റ് പ്രകാരം)* | *ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *കൂടുതൽ* | *കുറവ്* | *(+) / (-)* |
|---|---|---|---|---|---|
| മുന്നിരിപ്പ് | 1418660 | 5394046 | 3975386 | - | 280.22 |
| വരവ് | 181605074 | 66767317 | - | 114837757 | 63.23 |
| ആകെ | 183023734 | 72161363 | - | 110862371 | 60.57 |
| ചെലവ് | 159989820 | 68231788 | - | 91758032 | 57.35 |
| നീക്കിയിരിപ്പ് | 23033914 | 3929575 | - | 19104339 | 4.86 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)* |
|---|---|---|
| 2016-17 | 15.5.2017 | 30.6.2017 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ പറയുന്നു.

1. വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി വാർഷികകണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. വാടകയുടെ ബാലൻസ് ഡി.സി.ബി പ്രകാരം 68744/- രൂപയാണ് എന്നാൽ B-15 ഷെഡ്യൂൾ പ്രാകരം ഇത് 68843/- രൂപയാണ്.

3. മുൻ വർഷം വാഹനത്തിന്റെ മൂല്യം 718739/- രൂപയാണ് കാണിച്ചിട്ടുള്ളത് (798198-10ശതമാനം ഡിപ്രിയേഷൻ കിഴിച്ച്), എന്നാൽ തൻവർഷം ഷെഡ്യൂൾ B-11 പ്രകാരം വാനത്തിന്റെ മൂല്യം വീണ്ടും 718739/- രൂപയാണ് കാണിച്ചിരിക്കുന്നത്.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *2016-17* |
|---|---|
| മുന്നിരിപ്പ് | 5394046 |
| വരവ് | 66767317 |
| ആകെ | 72161363 |
| ചെലവ് | 68231788 |
| നീക്കിയിരിപ്പ് | 3929575 |

## 1-5 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 34837128 | 34837128 | 22128064 | 12709064 | 63.52 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2830260 | 2830260 | 2449922 | 380338 | 86.56 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 484083 | 484083 | 484083 | - | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7912029 | 7912029 | 6041852 | 1870177 | 76.36 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5741589 | 5741589 | 3021986 | 2719603 | 52.63 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 18845806 | 18845806 | 15732605 | 3113201 | 83.48 |
| ലോക ബാങ്ക് സഹായം | 0 | 3200179 | 3200179 | 2961892 | 238287 | 92.55 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 230 | 97566087 | 120 | 54264983 | 110 | 52.17 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ |
|---|---|---|

| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 18 | 10723497 | 11 | 5667014 | 52.85 |
| സേവനം | 87 | 45958348 | 49 | 28209406 | 61.38 |
| പശ്ചാത്തലം | 125 | 40884242 | 60 | 20388563 | 49.87 |
| ആകെ | **230** | **97566087** | **120** | **54264983** | **55.62** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 35 | 28 | 18672188 | 12959798 | 69.41 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 3304083 | 2198503 | 66.54 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 58 | 50484787 | 18740998 | 37.12 |
| വി.ഇ.ഒ | 11 | 7 | 12001600 | 10223000 | 85.18 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1850000 | 1450000 | 78.38 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 634589 | 634589 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4175400 | 3454626 | 82.74 |
| കൃഷി ഓഫീസർ | 6 | 6 | 5998440 | 4253469 | 70.91 |
| വെറ്ററിനറി സർജൻ | 1 | - | 95000 | - | 0 |
| എച്ച്.എം, ഗവ. യുപിഎസ് | 1 | 1 | 30000 | 30000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 270000 | 270000 | 100 |
| ആകെ | **230** | **120** | **97566087** | **54264983** | **55.62** |

# 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1746875 | 2704710 | 957835 | 54.83 |
| നികുതിയേതര വരവുകൾ | 6901658 | 8317885 | 1416227 | 20.52 |

| | | | | |
|---|---|---|---|---|
| ആകെ | 8648533 | 11022595 | 2374062 | 27.45 |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്രമ നം.* | *പദ്ധതി* | *2016-17 ൽ ലഭിച്ച അപേക്ഷകൾ* | *അംഗീകരിച്ച അപേക്ഷകൾ* | *ആകെ ഗുണഭോക്താക്കൾ* | *ചെലവ്* |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 11 | 10 | 333 | 3024470 |
| 2 | തൊഴിൽ രഹിത വേതനം | 15 | 13 | 107 | 170520 |
| 3 | വിധവാ പെൻഷൻ | 70 | 56 | 599 | 6146610 |
| 4 | വികലാംഗ പെൻഷൻ | 22 | 22 | 164 | 1507130 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | 9 | 977200 |
| 6 | വാർദ്ധക്യകാല പെൻഷൻ | 423 | 412 | 1228 | 14110585 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.8.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 2096/- (രണ്ടായിരത്തി തൊണ്ണൂറ്റിയാറ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.6.2017 | 4/17-5/17 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.8.16-18.8.16 | 2011-12 – 2015-16 | 7.10.16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്ത് രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ (2017-18) യഥാസമയം എടുക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 270-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ പ്രവർത്തിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 എ പ്രകാരം ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രി പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിന്മേൽ 5000/- രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം ഉടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

| *ക്രമ നം.* | *സ്ഥാപനത്തിന്റെ പേര്* | *ഉടമസ്ഥന്റെ വിലാസം* |
|---|---|---|
| 1 | കോസ്മോ ക്ളിനിക്, ആങ്ങമൂഴി | ശ്രീമതി സാവിത്രി സാബു, കോടി തോട്ടത്തിൽ, ആങ്ങമൂഴി |
| 2 | ആതുര ഹോസ്പിറ്റൽ, സീതത്തോട് | ശ്രീ. എം ഡി മണികണ്ഠദാസ്, ആതുര ബിൽഡിംഗ്, സീതത്തോട് |
| 3 | ദേവി ക്ളിനിക്കൽ ലാബ്, സീതത്തോട് | ശ്രീമതി സുമാദേവി, ഉണ്ടിയിൽ വീട്, സീതത്തോട് |
| 4 | സുധാ ലാബ്, കോട്ടമൺപാറ | ശ്രീമതി കെ ബി സുധാമണി, മനോത്തറയിൽ,കോട്ടമൺപാറ |

ആതുര ഹോസ്പിറ്റൽ എന്ന സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. മറ്റ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ 1997-ലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം വർഷംതോറും പുതുക്കേണ്ടതാണ്.

അംഗീകാരമില്ലാതെ സ്ഥാപനം പ്രവർത്തിച്ചിട്ടും പഞ്ചായത്ത് അതിനെതിരെ നടപടികൾ സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള പിഴ ഈടാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ലൈസൻസ് നൽകുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 വസ്തു നികുതിയായി പിരിച്ചത് 26.21 % മാത്രം. കുടിശ്ശിക തുക 36 ലക്ഷത്തിനും മുകളിൽ

സീതത്തോട് ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പിരിവിന്റെ 2016-17 വരെയുള്ള കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ നിന്നും 26.21 % മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 13 വാർഡുകളിലേയും വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 36.09 ലക്ഷം രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുണ്ടെന്നു കണക്കുകൾ വ്യക്തമാക്കുന്നു.

| Ward Name | Demand | | | Collection | | | | Balance | | |
|---|---|---|---|---|---|---|---|---|---|---|
| | Arrear | Current | Total | Arrear | Current | Book Adjustmen | Total | Arrear | Current | Total |
| Kottamanpara | 55695 | 44977 | 100672 | 4688 | 9192 | 9376 | 23256 | 51007 | 26409 | 77416 |
| Palathadiyar | 723311 | 315141 | 1038452 | 165560 | 180656 | 32085 | 378301 | 557751 | 102400 | 660151 |
| Gavi | 87852 | 60218 | 148070 | 0 | 0 | 476 | 476 | 87852 | 59742 | 147594 |
| Angamoozhi | 145005 | 132420 | 277425 | 16699 | 25932 | 29696 | 72327 | 128306 | 76792 | 205098 |
| Valupara | 113578 | 104306 | 217884 | 25747 | 33130 | 26590 | 85467 | 87831 | 44586 | 132417 |
| Kampiline | 65071 | 78079 | 143150 | 7352 | 26757 | 21546 | 55655 | 57719 | 29776 | 87495 |
| Kochukoickal | 546760 | 245828 | 792588 | 10937 | 16696 | 9070 | 36703 | 535823 | 220062 | 755885 |
| Kottakuzhy | 179687 | 136314 | 316001 | 28771 | 54342 | 6506 | 89619 | 150916 | 75466 | 226382 |
| Gurunathanmar | 168446 | 73494 | 241940 | 44680 | 17601 | 1307 | 63588 | 123766 | 54586 | 178352 |
| Seethakuzhy | 139471 | 95000 | 234471 | 16852 | 29950 | 3730 | 50532 | 122619 | 61320 | 183939 |
| Seethathode | 457098 | 423705 | 880803 | 61384 | 172291 | 50242 | 283917 | 395714 | 201172 | 596886 |
| Moonnukallu | 182439 | 118733 | 301172 | 43784 | 38666 | 8879 | 91329 | 138655 | 71188 | 209843 |
| Allumkal | 102146 | 96432 | 198578 | 6597 | 24242 | 19912 | 50751 | 95549 | 52278 | 147827 |
| | 2966559 | 1924647 | 4891206 | 433051 | 629455 | 219415 | 1281921 | 2533508 | 1075777 | 3609285 |

കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുത്ത് തനത് ഫണ്ടിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 സേവനനികുതി പിരിച്ചെടുക്കൽ - പഞ്ചായത്തിന് അലംഭാവം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26പ്രകാരം പഞ്ചായത്തിന് കെട്ടിട ഉടമകളിൽനിന്ന് സേവനനികുതി പിരിച്ചെടുക്കാവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകൾക്കാണ് ഇത്തരത്തിൽ സേവന നികുതിചുമത്താൻ അർഹതയുള്ളത്. തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്, വെള്ളക്കരം ഇനങ്ങളിൽ വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും

സീതത്തോട് ഗ്രാമപ്പഞ്ചായത്തിൽ സേവനനികുതി ഏർപ്പെടുത്തിയിട്ടില്ല. തനതു വരുമാനം കുറവുള്ള പഞ്ചായത്തിന് അനിവാര്യ ചുമതലകൾപോലും നിർവ്വഹിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ, വസ്തുനികതിയിന്മേൽ നിയമാനുസൃത സേവനനികുതി ചുമത്തുന്നതു സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളേണ്ടതാണ്. മുൻ റിപ്പോർട്ടിലും ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചെങ്കിലും പഞ്ചായത്ത് ആയത് ഗൗരവമായി എടുത്തിട്ടില്ല. വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 'സുന്ദര ബാല്യം സുഭക്ഷിത ബാല്യം' - പാകം ചെയ്ത ഭക്ഷണകിറ്റ് വിതരണം- പദ്ധതി ഗ്രാമപ്പഞ്ചായത്തിന്റെ മാത്രം ചുമതലയായി

| | |
|---|---|
| *പ്രൊജക്ട് നം:* | *68/2016-17* |
| *അടങ്കൽ* | *434083 (വികസന ഫണ്ട്,TSP)* |
| *ചെലവ് തുക* | *150000 (ബിൽ നം:1/16-17;21.12.2016)*<br>*150000 (ബിൽ നം:5/16-17;16.03.2017)*<br>*134083 (ബിൽ നം:7/16-17;21.03.2017)*<br>*ആകെ- 434083* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *അസിസ്റ്റന്റ് സെക്രട്ടറി* |

പത്തനംതിട്ട ജില്ലയിലെ ആദിവാസി മലയോര മേഖലകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ ശാരീരിക മാനസിക വികസനത്തിനായി സുന്ദര ബാല്യം സുഭക്ഷിത ബാല്യം എന്ന പദ്ധതി ജില്ലാ ഭരണകൂടത്തിന്റെയും വിവിധ വകുപ്പുകളുടേയും ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ 2016,ഫെബ്രുവരി മുതൽ ആരംഭിച്ചിരുന്നു.അദ്ധ്യയന ദിവസങ്ങളിൽ പ്രഭാത ഭക്ഷണവും അവധി ദിനങ്ങളിൽ മൂന്നു നേരം ഭക്ഷണവും നൽകി കുട്ടികളിലെ പോഷകാഹാരക്കുറവു പരിഹരിക്കുക,സ്കൂളുകളിലേക്ക് അവരെ ആകർഷിക്കുക,ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്തുക,കുട്ടികളുടെ കലാ കായിക രംഗങ്ങളിലെ കഴിവുകൾ വികസിപ്പിക്കുക,വിനോദ വിജ്ഞാന പരിപാടികൾ കുട്ടികൾക്കായി സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതിയ്ക്കുണ്ടായിരുന്നത്.പദ്ധതിയുടെ പൈലറ്റ് ഘട്ടത്തിൽ മൂഴിയാർ,ഗവി പ്രദേശങ്ങളിലെ പട്ടികവർഗ്ഗ - പട്ടികജാതിയിൽപ്പെട്ട 100 കുട്ടികളെയാണ് ഉണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്.

പോഷകാഹാര വിതരണം കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മൂഴിയാർ,സായിപ്പൻ കുഴി കോളനികളിലെ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി ശബരിഗിരി കുടുംബശ്രീയെയാണ് ഏൽപ്പിച്ചിരുന്നത്. ആദ്യ 6 മാസത്തെ പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപ വ്യവസായ പ്രമുഖനായ ശ്രീ.വർഗീസ് കുര്യൻ സ്പോൺസർ ചെയ്തിരുന്നു.

ആദ്യത്തെ എട്ടു മാസങ്ങളിൽ ഈ തുകയിൽ നിന്നും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചെലവു നടത്തി.പിന്നീട് ഇതിനായി ചെലവു തുക കണ്ടെത്തുവാൻ ജില്ലാ ഭരണകൂടത്തിനോ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനോ കഴിഞ്ഞില്ല. സർക്കാർ ഫണ്ടുകൾ (വിവിധ വകുപ്പുകൾ),ഗ്രാന്റുകൾ (ജില്ലാ സാമൂഹ്യ നീതി ഓഫീസ്/ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്), വ്യക്തിഗത സ്പോൺസർഷിപ്പുകൾ എന്നിവയിലൂടെയും തുക കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി ഗവി പ്രദേശത്തെ കുട്ടികൾക്ക് ഭക്ഷണകിറ്റ് നൽകുന്ന പദ്ധതി പാതിവഴിയിൽ നിലച്ചു പോയി.

ഈ പദ്ധതിയുടെ തുടർച്ച ഉറപ്പു വരുത്തുന്നതിനായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സീതത്തോട് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി യോഗം ചേർന്ന് ഗ്രാമപഞ്ചായത്ത് മുഖേന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചതായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രതിനിധികൾ ഉൾപ്പെടെ ഇങ്ങനെയൊരു തീരുമാനം എടുത്ത യോഗ

മിനിട്സിന്റെ പകർപ്പ് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ ആകെ അവ്യക്തത നിലനിൽക്കുകയാണ്. സ്പോൺസർഷിപ്പിലൂടെ കിട്ടിയ പന്ത്രണ്ട് ലക്ഷം രൂപ ഉപയോഗിച്ച് ജില്ലാ ഭരണകൂടം ഗംഭീരമായി നടത്തിയ പദ്ധതി വ്യക്തമായ ആസൂത്രണത്തിന്റെ അഭാവത്തിൽ ഇരുട്ടിൽ തപ്പുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. മൂഴിയാർ, സായിപ്പൻ കുഴി കോളനിയിൽ ഗ്രാമപഞ്ചായത്ത് പദ്ധതിയുമായി മുന്നോട്ടു പോകുന്നു എന്നതാണ് ആകെയുള്ള പ്രതീക്ഷ. എന്നാൽ ഗവിയിലെ കുട്ടികൾക്ക് മൂന്നു നേരം ഭക്ഷണം ഇപ്പോൾ കൊടുക്കുവാൻ കഴിയുന്നില്ല. കുടുംബശ്രീകൾ വഴി ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനു മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളായ ബ്ളോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹകരണം അത്യന്താപേക്ഷിതമാണ്.

ആദിവാസ മേഖലയിലെ കുട്ടികളുടെ ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും വിപ്ളവകരമായ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മുന്നോട്ടു കൊണ്ടു പോകേണ്ടതാണ്. സ്കൂളിലെത്തുന്ന ആദിവാസികുട്ടികൾക്കു മാത്രമേ മൂന്നു നേരം ഭക്ഷണം കൊടുക്കു എന്ന നിബന്ധന അധ്യപകർ മുന്നോട്ടു വച്ചിട്ടുള്ളത് പരിഗണിക്കേണ്ടതാണ്.സ്കൂളിൽ വരാൻ കുട്ടികൾ മടിയ്ക്കുന്നു എന്ന അപകടം ഇപ്രകാരം ഒഴിവാക്കാവുന്നതാണ്. പദ്ധതി തുടർന്നു നടത്തുവാനും, ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-2 പ്രൊഫഷണൽ കോഴ്സ് പഠിയ്ക്കുന്ന പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ് വാങ്ങി നൽകിയതിൽ അപാകതകൾ

| | |
|---|---|
| *പ്രൊജക്റ്റ് നം:* | *170/2016-17, എസ്.സി.പ്രൊഫഷണൽ കോഴ്സ് പഠിയ്ക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്* |
| *അടങ്കൽ* | *200000 (വികസന ഫണ്ട്,SCP)* |
| *ചെലവ് തുക* | *195920 (ബിൽ നം.16/16-17;30.03.2017)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *അസിസ്റ്റന്റ് സെക്രട്ടറി* |
| സ്ഥാപനം | ആൻടി കോം,മാടപ്പള്ളിൽ ബിൽഡിംഗ്,ഇട്ടിയപ്പാറ,റാന്നി. |

പ്രൊഫഷണൽ കോഴ്സ് പഠിയ്ക്കുന്ന പട്ടികജാതി കുട്ടികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനായി ടെണ്ടർ ക്ഷണിയ്ക്കുകയും ആൻടി കോം,മാടപ്പള്ളിൽ ബിൽഡിംഗ്,ഇട്ടിയപ്പാറ,റാന്നി. എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.03.2017 ലെ I(b)I(c) തീരുമാനപ്രകാരം അംഗീകരിയ്ക്കുകയും ചെയ്തിരുന്നു. മേൽ സ്ഥാപനത്തിന്റെ 02.03.2017 ലെ ടെണ്ടർ പ്രകാരം (No.789798/2016/2017) ASUS laptop Model No.X50SA-XX018T with 3 year warranty എന്ന laptop നു 24490 രൂപ കോട്ട് ചെയ്തിരുന്നു. Windows 10 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ Original Version ഈ ലാപ്ടോപ്പിൽ ഇൻസ്റ്റാൾ ചെയ്യും എന്നും രേഖപ്പെടുത്തിയിരുന്നു. ഇതേ Model laptop നു Windows 10 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ Original Version ഇല്ലാതെ 22990 രൂപയും കോട്ട് ചെയ്തിരുന്നു.

Windows 10 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ Original Version ഉൾപ്പെടുത്തിയ ASUS ന്റെ 8 ലാപ്ടോപ്പുകൾക്കാണ് അസിസ്റ്റന്റ് സെക്രട്ടറി പർച്ചേസ് ഓർഡർ നൽകിയത്.(No.S6-4601/2016;10.03.2017). ഇതിനായി 195920 രൂപ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.(8 x 24490). ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1.ഭൗതിക പരിശോധനയിൽ ഹാജരാക്കിയ ലാപ്ടോപ്പിൽ Windows 10 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ Original Version ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നു വ്യക്തമായിട്ടുണ്ട്. Windows 10 Original DVD യും ഹാജരാക്കിയിട്ടില്ല. അതിനാൽ ഒരു ലാപ്ടോപ്പിനു ₹22990 രൂപയേ സ്ഥാപനത്തിനു നൽകേണ്ടതുള്ളൂ.അധികമായി ചെലവഴിച്ച ₹12000 രൂപ (195920-183920) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. വിനീത T.V, തേവരുപാറയ്ക്കൽ, സീതത്തോട് എന്ന കുട്ടിയ്ക്ക് laptop നൽകിയിട്ടുണ്ട്. എന്നാൽ ഇയാൾ 2016-17

സാമ്പത്തിക വർഷം പഠനം നടത്തുന്നതായുള്ള യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. 2005 ൽ VHSE കോഴ്സ് നടത്തിയതായുള്ളതും 2011 ൽ TTC കോഴ്സ് നടത്തിയതായുമുള്ള രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മേൽ അപാകതകളക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:08/2017/16.8.2017) മറുപടിയായി വിനീത എന്ന ഗുണഭോക്താവ് 2016-17 പഠനം നടത്തുന്നുണ്ടായിരുന്നു എന്ന മറുപടി നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്.എന്നാൽ ഇതിനെ സംബന്ധിയ്ക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തപക്ഷം നൽകിയ ലാപ്ടോപ്പ് തിരികെ വാങ്ങി അർഹരായ ഗുണഭോക്താവിനു കൈമാറേണ്ടതാണ്.

3.എട്ടു ഗുണഭോക്താക്കളിൽ ഒരാളുടെ ഒഴികെ ബാക്കി ഏഴു പേരുടെയും ഫയലിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ലാപ് ടോപ്പുകൾ നൽകിയിട്ടില്ല എന്നുള്ള റാന്നി ബ്ളോക്ക് , പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ക്രമ നം. 1,3 എന്നീ അപാകതകളിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. ആയത് പരിഹരിയ്ക്കും വരെ നിരാകരിച്ച 12000 കിഴിച്ചുള്ള 183920 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 നിലയ്ക്കൽ പ്ലാപ്പള്ളി കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ- വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭിച്ചിട്ടില്ല

| | |
|---|---|
| *പദ്ധതി നം.* | *193/17(നിലയ്ക്കൽ പ്ലാപ്പള്ളി കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *2746614/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)* |
| *ചെലവഴിച്ച തുക* | *2746614/-(ട്രഷറി ബിൽ നം. 19/16-17/30.11.16)* |

സീതത്തോട്, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്തുകളിലെ വലിയൊരു പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുവാൻ ആവിഷ്കരിച്ച പദ്ധതിയാണ് സീതത്തോട്- നിലയ്ക്കൽ പ്ലാപ്പള്ളി കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതിയുടെ ശുദ്ധീകരണശാലയുടെ നിർമ്മാണത്തിന് ആവശ്യമായ 1.5 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിന് കേരള ജല അതോറിറ്റി ഗ്രാമപഞ്ചായത്തിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി-യുടെ കൈവശമുള്ള 1.5 ഏക്കർ വിസ്തൃതിയുള്ള ഭൂമി, റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയായ 2746614/- രൂപയ്ക്ക് നൽകുവാൻ 30.6.2016-ലെ V(7)-ാം നമ്പർ തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. പദ്ധതിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ഓഡിറ്റ് വർഷം പ്രസ്തുത തുക ഡി.ഡി നം. 423168/3.12.16 പ്രകാരം കെ.എസ്.ഇ.ബി-യ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ വസ്തുവിന്റെ പൂർണ്ണമായ അവകാശം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രസ്തുത ഭൂമി കക്കാട് ജലവൈദ്യുത പദ്ധതിക്കാവശ്യമായ പവർഹൗസ്, സ്റ്റാഫ് കോളനി എന്നിവയ്ക്ക് വേണ്ടി കെ.എസ്.ഇ.ബി വില കൊടുത്ത് വാങ്ങിയിട്ടുള്ളതാണെന്നും, കോന്നി തഹസീൽദാരുടെ 30.5.2015-ലെ കൈവശാവകാശ സർട്ടിഫിക്കറ്റും, കൊല്ലം സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് റിസർവ്വേ വിഭാഗം അസിസ്റ്റന്റ് ഡയറക്ടറുടെ സ്കെച്ചും ഒഴികെ മറ്റ് രേഖകൾ ഒന്നും കെ.എസ്.ഇ.ബി-യുടെ പക്കലില്ലാത്തതിനാൽ ഭൂമി രജിസ്ട്രേഷൻ ചെയ്ത് കൈമാറുന്നതിന് കാലതാമസം നേരിടും എന്ന് സൂചിപ്പിച്ച് കെ.എസ്.ഇ.ബി അധികൃതർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ഇതിൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന് ഭൂമിയിൽ പൂർണ്ണ ഉടമസ്ഥാവകാശം ലഭിയ്ക്കാതെ തന്നെ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം പരിഗണിച്ച് തുക കെ.എസ്.ഇ.ബി-യ്ക്ക് കൈമാറുകയും സ്ഥലത്ത് കേരള ജല അതോറിറ്റി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം പഞ്ചായത്ത് വാങ്ങുന്ന ഏതൊരു വസ്തുവും നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. വസ്തുവിന്റെ ഉടമസ്ഥാവകാശം എത്രയും വേഗം പഞ്ചായത്തിൽ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിഷയത്തിൽ ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-4 വീട് പുനരുദ്ധാരണത്തിന് അനർഹമായി 50000 രൂപ നൽകി

| | |
|---|---|
| *പ്രൊജക്ട് നം:* | *74/2016-17, വീട് പുനരുദ്ധാരണം.* |
| *അടങ്കൽ* | *737260 (വികസന ഫണ്ട്,SCP)* |
| *ചെലവ് തുക* | *300000 (ബിൽ നം:6/16-17;15.03.2017)*<br>*225000 (ബിൽ നം:8/16-17;21.03.2017)*<br>*100000 (ബിൽ നം:9/16-17;27.03.2017)*<br>*100000 (ബിൽ നം:12/16-17;31.03.2017)*<br>*ആകെ- 725000* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *അസിസ്റ്റന്റ് സെക്രട്ടറി* |

വീട് മെയിന്റനൻസ് പദ്ധതി പ്രകാരം ഒന്നാം വാർഡിലെ ശ്രീ. അനീഷ് കുമാർ, മാവു നിൽക്കുന്നതിൽ, കോട്ടമൺപാറ എന്ന വ്യക്തിയ്ക്ക് 50000 രൂപ നൽകിയിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ടിയാന്റെ പിതാവിന്റെ പേരിലാണ് വീട് ഉള്ളതെന്നു വ്യക്തമായി.(കെട്ടിട നമ്പർ:1/22). പഴയ റേഷൻ കാർഡ് പ്രകാരം ഇദ്ദേഹത്തിന്റെ പിതാവിനു ഗവ: ജോലിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.(No.1315031068/24.12.2008). ഈ വിഷയം അന്വേഷിച്ചപ്പോൾ വീടിന്റെ ഉടമസ്ഥൻ കെ.എസ്.ഇ.ബി-യിൽ നിന്നും വിരമിച്ച ജീവനക്കാരനാണെന്ന് അറിയാൻ കഴിഞ്ഞു. സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) നം: 4/2016;തീയതി-11.01.2016) ലെ 15.2.14പ്രകാരം സർക്കാർ ജീവനക്കാർ,പെൻഷണർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം 50000 രൂപ വരുമാന പരിധിയിൽ കുറവുള്ളവരായി കണക്കാക്കാൻ പാടില്ലയെന്നു നിഷ്കർച്ചിരുന്നു.

പിന്നീട് സ.ഉ (സാധാ): നം.2464/2016/തസ്വഭവ/17.08.2016-ലെ സർക്കാർ ഉത്തരവു പ്രകാരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി പട്ടികജാതി വിഭാഗങ്ങൾക്ക് 1.5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതു പ്രകാരം വീടിന്റെ ഉടമസ്ഥൻ ഈ വരുമാന പരിധിയിൽ ഉൾപ്പെടുന്നതാണെന്നതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:7/2017 /16.8.17) മറുപടിയായി ഗുണഭോക്താവിന്റെ പിതാവ് ഈ വീട്ടിൽ താമസമില്ലെന്നും സഹോദരനോടൊപ്പമാണെന്നുമുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കുന്നില്ല. വീടിന്റെ ഉടമസ്ഥൻ, സർക്കാർ നിശ്ചയിച്ച 1.5 ലക്ഷം രൂപയുടെ വാർഷിക വരുമാനപരിധിയിൽ ഉൾപ്പെടുന്നതാണെന്നു തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവു തുക ₹50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതായിരിക്കും.

## 3-5 സീതത്തോട് പി.എച്ച്.സിയിൽ സെറാമിക് ടൈൽ ഇട്ടതിൽ ഗുണനിലവാരം പാലിച്ചിട്ടില്ല

| | |
|---|---|
| *പ്രൊജക്ട് നം:* | *52/2016-17, PHC യ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ.* |
| *അടങ്കൽ* | *1010000 (മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്)* |

| | |
|---|---|
| ചെലവ് തുക | 676978 |
| എം ബുക്ക് നമ്പർ | 12(2)/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | കെ.സജയകുമാർ,പുത്തൻപുരയ്ക്കൽ വിജയഭവൻ,സീതത്തോട് പി.ഒ |

സീതത്തോട് പി.എച്ച്.സി-യ്ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മേൽ പദ്ധതി ആവിഷ്കരിയ്ക്കുകയും ഇ-ടെണ്ടർ ക്ഷണിയ്ക്കുകയും ചെയ്തിരുന്നു.25% ടെണ്ടർ കുറവു രേഖപ്പെടുത്തിയ നാലു കരാറുകാരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത കെ.സജയകുമാറിന്റെ ടെണ്ടർ അംഗീകരിയ്ക്കുകയും ടിയാളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ നിർവ്വഹണത്തിലെ ഒരു ഭാഗമായ പി.എച്ച്.സി-യുടെ മുകൾ നിലയിൽ സെറാമിക് ടൈൽ വിരിച്ചത് യാതൊരു നിലവാരവും പുലർത്താതെയാണെന്നു കണ്ടു.തീരെ നിലവാരം കുറഞ്ഞ ടൈലുകളാണ് വിരിച്ചിട്ടുള്ളത്. IS 15622 നിലവാരത്തിലുള്ള Ist Quality ടൈലിടുന്നതിനാണ് തുക നൽകിയിട്ടുള്ളത്. ടൈലുകൾ പലതും ഒരേ അലൈൻമെന്റിലല്ല വിരിച്ചിട്ടിട്ടുള്ളത്. ഇത്തരം ഭാഗങ്ങളിൽ വൈറ്റ് സിമന്റ് കൊണ്ട് വിള്ളലുള്ള ഭാഗങ്ങൾ നികത്തിയിരിക്കുന്നു. നിർമ്മാണം പാതി വഴിയിലാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്ഥല പരിശോധന നടത്തേണ്ടതും കരാറുകാരനു ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. ഫൈനൽ ബിൽ തുക നൽകുന്നതിന് മുൻപ് മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്. IS 15622 നിലവാരത്തിലുള്ള ടൈൽ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്. അല്ലാത്തപക്ഷം, നിലവാരമുള്ള ടൈലുകൾ മാറ്റിയിട്ട് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതും ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-6 അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം: | 156/2016-17, അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 300000 (വികസന ഫണ്ട്,പൊതുവിഭാഗം) |
| ചെലവ് തുക | 287878 (ബിൽ നം:/16-17/31.3.17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനായി വികസനഫണ്ടിൽ 3 ലക്ഷം രൂപ വകയിരുത്തുകയും 287000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. ശ്രീ ജോർജ് നൈനാൻ, കിഡ്സ് വേൾഡ്,പത്തനംതിട്ട എന്ന വ്യക്തിയുടെ ടെണ്ടർ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലികമായി സ്ഥിരപ്പെടുത്തി. 17.03.2017 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ I(2) ാം തീരുമാനപ്രകാരം ഇദ്ദേഹം ഹാജരാക്കിയ കളിയുപകരണങ്ങൾ ടെക്നിക്കൽ കമ്മിറ്റി അംഗീകരിയ്ക്കുകയും ടിയാനു സപ്ളൈ ഓർഡർ നൽകുവാൻ ഐ.സി.ഡി.എസ് സൂപ്പർവൈസറോടു നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് 20.03.2017 ൽ ഉപകരണങ്ങൾക്കായി സപ്ളൈ ഓർഡർ നൽകി. താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | റൂബിക്സ് ക്യൂബ് | 26 | 378 | 9828 | 120328/-, No.5599/30.03.2017 |
| 2 | ട്രൈ സൈക്കിൾ | 26 | 1750 | 45500 | |
| 3 | ബേബി കാർ | 26 | 2500 | 65000 | |
| 4 | Swing Chair | 26 | 1750 | 45500 | 119840/-, No.5600/30.03.2017 |
| 5 | Pull along wooden toy | 72 | 220 | 15840 | |
| 6 | Two in one Rocking horse | 26 | 2250 | 58500 | |
| 7 | Counting beads | 26 | 235 | 6110 | 48360/- No.5601/30.03.2017 |
| 8 | Interlocking blocks | 26 | 350 | 9100 | |
| 9 | Teddy bear | 26 | 850 | 22100 | |
| 10 | Counting beads (Abacus) | 26 | 425 | 11050 | |
| | Total | | | | 288528 discount-650 287878 |

ടെണ്ടർ സമർപ്പിച്ച വ്യക്തി ടെക്നിക്കൽ കമ്മിറ്റിയ്ക്കു മുമ്പാകെ സാമ്പിൾ പരിശോധനയ്ക്ക് ഹാജരാക്കിയ ഉപകരണങ്ങളാണോ പിന്നീട് അങ്കണവാടികളിൽ നൽകിയതെന്ന് ഉറപ്പാക്കാനാകുന്നില്ല. ഭൗതിക പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Indian made rubberized three wheeler tricycle എന്നാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തത്.(1750/-) എന്നാൽ പ്ലാസ്റ്റിക്കിൽ നിർമ്മിച്ച ടയറുകളുള്ള സൈക്കിളുകൾ ആണ് നൽകിയത്.

2. നാലു വീലുകളുള്ള പെഡൽ ഉള്ള Baby car നാണ് ടെണ്ടറിൽ 2500 രൂപ ക്വോട്ട് ചെയ്തത്.പിന്നീട് പെഡലില്ലാത്ത കാറിന് ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. എന്നാൽ വിലയിൽ യാതൊരു Negotiation നും നടത്തിയിട്ടില്ല.ഭൗതിക പരിശോധനയിൽ Toy bike ആണ് വിതരണം നടത്തിയിട്ടുള്ളത്. സ്ഥാപനത്തിൽ നേരിട്ടു നടത്തിയ

അന്വേഷണത്തിൽ 2000 രൂപ മുതൽ ഇത്തരം Toy bike വിൽക്കുന്നുണ്ട്.ഒരുമിച്ച് 26 കാറുകൾ വാങ്ങിയപ്പോൾ ഉറപ്പായും വില ഇനിയും കുറയേണ്ടിയിരുന്നു.ഇത്തരം സാധ്യതകൾ തേടാതിരുന്നതിനു വിശദീകരണം നൽകേണ്ടതാണ്.

3.Teddy Bear- Indian made washable high quality colorful-850/- എന്നാണ് ടെണ്ടറിൽ കോട്ട് ചെയ്തതും സപ്ളൈ ഓർഡർ നൽകിയതും. എന്നാൽ ഭൗതിക പരിശോധനയിൽ 500 രൂപയിൽ താഴെയുള്ള സാധാരണ നിലവാരത്തിലുള്ള പാവയെയാണ് അങ്കണവാടികൾക്ക് നൽകിയതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4. ഉപകരണങ്ങളിൽ പലതും അങ്കണവാടികളിൽ ഉപയോഗിക്കുന്നില്ല.ഓഡിറ്റ് ഭൗതിക പരിശോധന നടത്തിയ രണ്ടു അങ്കണവാടികളിലും (സീതക്കുഴി,മൂന്നുകല്ല്) ഊഞ്ഞാൽ ഉപയോഗിക്കുന്നില്ല.(Plastic swing,chair type with nylon rope). അന്വേഷണത്തിൽ ഇത് സ്ഥാപിക്കാൻ പറ്റിയ ഭൗതിക സാഹചര്യം അങ്കണവാടികൾക്കില്ലായെന്ന് വ്യക്തമായിട്ടുണ്ട്. കൊളുത്തു സ്ഥാപിക്കാൻ പറ്റിയ റൂഫ് അങ്കണവാടിയിൽ ഇല്ല. ഇത്തരം സാഹചര്യങ്ങൾ പരിശോധിക്കാതെ ഇവ വാങ്ങിയതു കാരണം ഊഞ്ഞാൽ പൊടി പിടിച്ച് നശിക്കുന്ന അവസ്ഥയിലാണ്. 26 അങ്കണവാടികളിൽ എത്രയിടത്ത് ഇവ സ്ഥാപിച്ചിട്ടുണ്ടെന്നു കൃത്യമായ വിവരം ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:19/2017/ 19.8.17) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാകിയിട്ടില്ല. ആയതിനാൽ ചെലവു തുക ₹287878 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഓടയ്ക്ക് സ്ലാബ് നിർമ്മിച്ചതിൽ 12mm കനമുള്ള കമ്പിയ്ക്ക് പകരം 8mm കമ്പി ഉപയോഗിച്ചു

| | |
|---|---|
| *പ്രൊജക്ട് നം.* | *129/2016-17, വഞ്ചിപ്പടി-വെട്ടോലിപ്പടി ഓട നിർമ്മാണം* |
| *അടങ്കൽ* | *322000 (സംരക്ഷണ ഗ്രാന്റ്-റോഡ്)*<br>*28000 (തനത് ഫണ്ട്)*<br>*350000* |
| *ചെലവ് തുക* | *322029/- (ട്രഷറി ബിൽ നം. /16-17/ )* |
| *എം.ബുക്ക് നമ്പർ* | *11/16-17* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *അസിസ്റ്റന്റ് എഞ്ചിനീയർ* |

മേൽ പ്രവൃത്തിയുടെ കൺവീനറായി ശ്രീ. പി ശശി, പാറശ്ശേരിൽ, സീതത്തോട് എന്ന വ്യക്തിയെ 10.3.2017-ലെ 1(എ) നമ്പർ തീരുമാന പ്രകാരം ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു. പ്രവൃത്തി നടത്തിയതിന്റെ എം.ബുക്ക് പരിശോധിച്ചതിൽ നിന്നും ഓടയ്ക്ക് സ്ളാബ് ഇടുന്നതിന് 10mm, 12mm കനമുള്ള കമ്പികൾ ഉപയോഗിച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 8mm കനമുള്ള കമ്പിയാണ് ഉപയോഗിച്ചതെന്ന് വ്യക്തമാണ്. (ഇൻവോയിസ് നം. 1214/15.2.17, പുളിമൂട്ടിൽ ഹാർഡ് വെയർ, സീതത്തോട്) ഇത് തന്നെയാണ് ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ച വരവ്-ചെലവു കണക്കുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *എം.ബുക്ക് പ്രകാരം ചെയ്ത അളവ്* | *ബിൽ പ്രകാരം വാങ്ങിയത് (8mm)* | *നൽകിയ തുക* | *നൽകാവുന്ന തുക* | *വ്യത്യാസം* |
|---|---|---|---|---|
| 10mm-113.06m<br>=69.76kg (0.617kg/m)<br>12mm-32.36m<br>=28.74kg (0.888kg/m) | 8mm-145.42m<br>= 57.44 kg<br>(0.395kg/m) | 98.5kg @ 92.76/kg<br>=9137/- | 57.44kg @ 92.76/kg<br>=5328/- | 3809/- |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/19.8.17) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ, അധികമായി ചെലവഴിച്ച 3809/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-8 കുഴൽ കിണർ നിർമ്മാണത്തിന് തുക നിക്ഷേപിച്ചു- പ്രവൃത്തികൾ

## പൂർത്തിയായിട്ടില്ല

| | |
|---|---|
| *പദ്ധതി നം.* | *195/16 (വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കുഴൽ കിണർ നിർമ്മാണം)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *400000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)* |
| *ചെലവഴിച്ച തുക* | *65760/-* |
| *ബിൽ നം./ തീയതി* | *ട്രഷറി ബിൽ നം. 35/16-17/23.3.17* |

പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ കുഴൽകിണർ നിർമ്മാണം എന്ന പ്രവൃത്തിയിലുൾപ്പെടുത്തി കൃഷി ഭവൻ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. (പഞ്ചായത്ത് കമ്മിറ്റിയുടെ 23.2.2017-ലെ 2(4)-ാം നമ്പർ തീരുമാനം) രണ്ട് സ്ഥലങ്ങളിലും കുഴൽ കിണർ നിർമ്മാണത്തിന്റെ അനുയോജ്യത കണ്ടെത്താൻ 3500/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 32450/- രൂപയും, 33310/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്.

പദ്ധതിയിൽ നിഷ്കർഷിക്കുന്ന പ്രകാരം വില്ലേജ് ഓഫീസ് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമല്ല. റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനത്തിന് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിക്കേണ്ട സാംഗത്യം വ്യക്തമാകുന്നില്ല. കൂടാതെ, തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ ഭൂജല വകുപ്പിനോട് നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. കരാറിലേർപ്പെടാത്തത് കാരണം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് സംബന്ധിച്ചും, നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ചും അവ്യക്തത സൃഷ്ടിക്കുന്നു. വിട്ടുകിട്ടിയ സ്ഥാപനമല്ലാത്ത വില്ലേജ് ഓഫീസിൽ പദ്ധതി പണമുപയോഗിച്ച് കുഴൽ കിണർ നിർമ്മിക്കുന്നത് ശരിയായ നടപടിയല്ലെന്ന ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ചെലവ് ചെയ്ത 65760/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 വീട് വൈദ്യുതീകരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | *സമ്പൂർണ്ണ വൈദ്യുതീകരണം (201/17)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *190000/- (വികസന ഫണ്ട് ജനറൽ)* |
| *ചെലവഴിച്ച തുക* | *130000/- (ട്രഷറി ബിൽ നം. 46/16-17/31.3.17)* |

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 26 വീടുകൾ വൈദ്യുതീകരിച്ചതിന് ശ്രീ. മാത്യു സൈമൺ, സൈമൺസ് ഇലക്ട്രിക്കൽസ്, ചിറ്റാർ എന്ന വ്യക്തിയ്ക്ക് 130000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. 26 ഗുണഭോക്താക്കളുടെയും പൂർണ്ണമായ രേഖകൾ ഫയലിൽ ഇല്ല. റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, വൈദ്യുതി ബോർഡിൽ നിന്നും കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ എന്നിവ അപേക്ഷയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയറിംഗ് നടത്തിയിട്ടുണ്ടെന്ന് വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ നിബന്ധന പാലിച്ചിട്ടില്ല.

3. കെ.എസ്.ഇ.ബി യിൽ സി.ഡി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി ഗുണഭോക്താവിന് നൽകാവൂ എന്നിരിക്കെ പ്രസ്തുത രേഖകൾ ഹാജരാക്കാതെ സബ്സിഡി തുക ഇലക്ട്രിക്കൽ കരാറുകാരന് നൽകിയത് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (11/16.8.17) സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം നടപ്പിലാക്കാൻ അടിയന്തിരമായി പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച് വകുപ്പ് തലത്തിൽ സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി സംബന്ധിച്ച് പൂർണ്ണമായ രേഖകൾ (കെ.എസ്.ഇ.ബി-യുടെ ഉൾപ്പെടെ) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ, ഫിറ്റിംഗ് - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ, മെയിന്റനൻസ് (162/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 1500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>500000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 484048/- (ട്രഷറി ബിൽ നം. 31/16-17/22.3.17) |

പ്രസ്തുത പദ്ധതി പ്രകാരം 484048/- രൂപ ചെലവഴിച്ച് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) വിജയ ഏജൻസീസ്,കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വിവിധ തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചതിൽ (നം.എസ്-6/4102/2016 തീയതി 26.11.2016) ആവശ്യമായ സാധനങ്ങളുടെ ഇനം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സാധനങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം/വേണ്ട സാധനങ്ങളുടെ ആവശ്യകത നിർണ്ണയം നടത്താതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. സപ്ലൈ ഓർഡർ നൽകിയപ്പോൾ ആവശ്യമായ സാധനങ്ങളുടെ എണ്ണം നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2. വാങ്ങിയ ഇലക്ട്രിക്കൽ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3.സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സാധനങ്ങൾ (ട്യൂബുകൾ) സ്ഥാപിച്ചതിന് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, കെ.എസ്.ഇ.ബി അധികൃതരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (12/16.8.17) സാധനങ്ങൾ വാങ്ങിയത് എല്ലാ വാർഡുകളിലെയും കൃത്യമായി ആവശ്യകത നിർണ്ണയിച്ചതാണെന്നും, വാങ്ങിയ സാധനങ്ങളുടെ പൂർണ്ണമായ വിതരണ/വിനിയോഗ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കാമെന്നുള്ള മറുപടിയാണ് നൽകിയത്. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ എല്ലാ വർഷവും വലിയ തുക ചെലവഴിച്ച് ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്ന പ്രവണത ശരിയല്ല. ഓഡിറ്റിൽ ഉന്നയിച്ച വിഷയങ്ങളിന്മേൽ തൃപ്തികരമായ മറുപടി ലഭിക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം- രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം(149/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 250000/- (വികസന ഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 250000/- (ട്രഷറി ബിൽ നം. 40/16-17/31.3.17) |

പ്രസ്തുത പദ്ധതി പ്രകാരം ശ്രീ. സലീം റ്റി കെ, ഭാരത് സേവക് സമാജ്, സീതത്തോട് എന്ന സ്ഥാപനത്തിന് 25000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. പദ്ധതി ആവിഷ്കരിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, നൽകിയ പരിശീലനത്തിന്റെ വിവരങ്ങൾ എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ഏതെല്ലാം പരിശീലനമാണ് നൽകിയത് എന്നത് സംബന്ധിച്ചും വിവരം ലഭ്യമല്ല.

2. പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയത് മുൻകൂറായിട്ടാണ്. സ്ഥാപനം പരിശീലനം നൽകുന്നതിന് മുൻപ് തുക നൽകിയത് ക്രമപ്രകാരമല്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തൊഴിൽ പരിശീലനങ്ങളുടെ ചെലവിന്റെ പത്ത് ശതമാനം പരിശീലനാർത്ഥികൾ വഹിക്കേണ്ടതും ആയത് പരിശീലനം ആരംഭിക്കുന്നതിന് മുൻപ് പഞ്ചായത്തിൽ പണമായി ഒടുക്കേണ്ടതുമാണ്. ഈ നിബന്ധന പാലിച്ചിട്ടില്ല.

പദ്ധതി പണം ചെലവാക്കുന്നതിന് മാത്രം തിരക്കിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി മാത്രമാണ് പരിശീലന പരിപാടി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി സംബന്ധിച്ച് വിശദമായ വകുപ്പ് തല (ഡി.ഡി.പി) അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ– പദ്ധതി ലക്ഷ്യപ്രാപ്തിയിൽ നിന്നും അകലെ

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (165/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| വകയിരുത്തിയ തുക | 1500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 1348842/- (ട്രഷറി ബിൽ നം. 43/16-17/31.3.17) |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 22 ഹൈമാസ്റ്റ് ലൈറ്റ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു-

1. ടെണ്ടർ പരസ്യത്തിൽ 6മീറ്റർ, 8 മീറ്റർ ഉയരമുള്ള പോളുകൾക്കും അതിൽ ഘടിപ്പിക്കാനുള്ള നാല് എൽ.ഇ.ഡി പാനലുകളുടെ നിരക്കാണ് ക്ഷണിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ നൽകിയ മൂന്ന് സ്ഥാപനങ്ങളിൽ രണ്ടെണ്ണവും പോളിന്റെ നീളം നൽകിയിട്ടില്ല. പഞ്ചായത്തിൽ എല്ലായിടത്തും ഒരേ ഉയരത്തിലുള്ള മിനി മാസ്റ്റ് (8 മീറ്റർ) ലൈറ്റ് സ്ഥാപിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഒന്നും ലഭിച്ചിട്ടില്ല.

2. വാങ്ങിയ സാധനസാമഗ്രികളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും ലഭ്യമല്ല. 26.12.2016-ന് പ്രസ്തുത സാമഗ്രികളുടെ ഗുണനിലവാര പരിശോധന നടത്തുവാൻ സ്ഥാപനത്തെ പഞ്ചായത്ത് ഓഫീസിൽ ഹാജരാകാൻ സ്ഥാപനത്തിന് നിർദ്ദേശം നൽകിയതിന്റെ കത്തല്ലാതെ പരിശോധനയുടെ ഫലം സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല.

3. പദ്ധതി ആസൂത്രണം ചെയ്തതിൽ പോരായ്മകൾ ഉണ്ട്. ലൈറ്റ് ഇൻസ്റ്റലേഷൻ നടത്തിയതിന് ശേഷം അടിയന്തിരമായി കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് സപ്ളൈ നൽകി ആയത് പ്രവർത്തനക്ഷമമമാക്കാനുള്ള പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടില്ല. നിലവിൽ മിനിമാസറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെയിലും മഴയും കൊണ്ട് നിൽക്കുന്നു. ഈ ഉപകരണങ്ങൾ പൂർണ്ണമായി നശിക്കാൻ സാദ്ധ്യതയുമുണ്ട്. ആയതിനാൽ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാൻ ഭരണസമിതി ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-13 വീട് നിർമ്മാണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | വീട് നിർമ്മാണം,ജനറൽ (5/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| വകയിരുത്തിയ തുക | 180000/- (വികസന ഫണ്ട്-ജനറൽ)<br>3130000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 3250000/- |

1. *അധിക ധനസഹായം നൽകിത് തിരികെ ഈടാക്കണം*

പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ഏലിയാമ്മ, തടത്തിൽ വീട്, കൊച്ചുകോയിക്കൽ പി.ഒ എന്നയാൾക്ക് ഭവന നിർമ്മാണത്തിന് അർഹമായ 200000/- രൂപയായിരുന്നു. എന്നാൽ ടിയാൾക്ക് 70000/- രൂപ അധികം നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നം. 7/16-17/15.12.2016) ഗുണഭോക്താവിന്റെ വീട് നിർമ്മാണ പ്രവൃത്തി പൂർത്തീയായിട്ടുണ്ട്. അധികമായി കൈപ്പറ്റിയ തുക അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

2. *ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല*

ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി പ്രിയ പ്രസന്നൻ, പായിക്കാട്ട്, കോട്ടമൺപാറ | 17000 |
| 2 | ശ്രീമതി ആഷാമോൾ, പാറക്കനാലിൽ, ഗുരുനാഥൻമണ്ണ് | 17000 |
| 3 | ശ്രീമതി സോഫിയ ചെറിയാൻ, നാക്കാട്ടുകാവുങ്കൽ വീട്, കൊച്ചുകോയിക്കൽ പി.ഒ | 17000 |

വീട് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാനോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 കുടിവെള്ള വിതരണം - രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പദ്ധതി നം. | വേനൽക്കാല കുടിവെള്ള പദ്ധതി(194/17) |

| | |
|---|---|
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *224000/- (വികസന ഫണ്ട് ജനറൽ)* |
| *ചെലവഴിച്ച തുക* | *224000/--(ട്രഷറി ബിൽ നം. 41/16-17/31.3.17)* |

പദ്ധതി പ്രകാരം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും (ഗവി വാർഡൊഴികെ) 24.2.17 മുതൽ 17.3.17 വരെ 56 ട്രിപ്പ് നടത്തുന്നതിന് പ്രതി ട്രിപ്പ് 4000/- രൂപ നിരക്കിൽ ശ്രീ. ഷിബു വി തോമസ്, വെട്ടോലിൽ വീട്, ഗുരുനാഥൻമണ്ണ് പി.ഒ, സീതത്തോട് എന്നയാൾക്ക് 22400/- രൂപ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്തിന്റെ ഏത് പ്രദേശങ്ങളിലാണ് കുടിവെള്ള വിതരണം നടത്തിയതെന്ന് തെളിയിക്കുന്നതിന് ആധാരമായ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല. ട്രിപ്പ് ഷീറ്റുകളുടെ അഭാവത്തിൽ കുടിവെള്ള വിതരണത്തിന്റെ ആധികാരികത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. പ്രസ്തുത വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (13/17.8.17) ട്രിപ്പ് ഷീറ്റുകൾ ലഭ്യമാക്കുന്നതാണ് എന്നും കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തി ഏഴ് വാർഡ് മെമ്പർമാരുടെ കത്തും നൽകിയിട്ടുണ്ട്. രേഖകൾ പൂർണ്ണമായി ഹാജരാക്കേണ്ടതാണ്. ചെലവ് തുകയായ 224000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 <u>ഗ്രാമകേന്ദ്രങ്ങൾക്ക് വാങ്ങിയ ഫർണ്ണീച്ചറുകൾ വിതരണം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നു</u>

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | *വിവിധ ഗ്രാമകേന്ദങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങൽ, ബോർഡ് സ്ഥാപിക്കൽ(63/17)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *155250/- (വികസന ഫണ്ട്-ജനറൽ)*<br>*194750/- (തനത് ഫണ്ട്)* |
| *ചെലവഴിച്ച തുക* | *155250/- (ട്രഷറി ബിൽ നം. 17/16-17/30.11.16)* |

പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ ഗ്രാമകേന്ദ്രങ്ങളിലേക്കായി 13 സ്റ്റീൽ മേശയും, 130 പ്ലാസ്റ്റിക് കസേരയും (നീൽകമൽ) സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ വിതരണം ചെയ്യാതെ പുതിയതായി നിർമ്മിക്കുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗ്രാമകേന്ദ്രങ്ങൾ ഒട്ടുമിക്കതും പ്രവർത്തിക്കാത്തതാണ് പ്രസ്തുത ഫർണീച്ചറുകൾ സ്ഥാപനങ്ങളിലേക്ക് മാറ്റാത്തതിന്റെ കാരണം എന്ന വ്യക്തമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/17.8.17) സാധനങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-16 <u>വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വാങ്ങിയ ഫർണ്ണീച്ചർ വിതരണം ചെയ്യാത്തവസ്ഥയിൽ</u>

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | *വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങൽ (192/17)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *256900/- (റോഡിതര സംരക്ഷണ ഗ്രാന്റ്)* |
| *ചെലവഴിച്ച തുക* | *249940/- (ട്രഷറി ബിൽ നം. 47/16-17/31.3.17)* |

പഞ്ചായത്തിലെ വിവിധ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഇതിന് വേണ്ടി കൊട്ടാരക്കരയിലെ ശബരി സ്റ്റീൽ ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണീച്ചറുകൾ വാങ്ങിയെങ്കിലും ആയത് വിതരണം ചെയ്യാതെ പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് ഭൗതിക

പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും, ഒരു സ്റ്റീൽ റാക്ക്, 2 അലമാര, ഒരു ഓഫീസ് ടേബിൾ, 2 സെമി എക്സിക്യൂട്ടീവ് ചെയർ, ഒരു ഹൈബാക്ക് എക്സിക്യൂട്ടീവ് ചെയർ എന്നിവ കൈപ്പറ്റിയിട്ടുണ്ട്. ബാക്കിയുള്ള 7 സ്റ്റീൽ റാക്ക്, 9 ഓഫീസ് ടേബിൾ, 8 സെമി എക്സിക്യൂട്ടീവ് ചെയർ, 5 ഹൈബാക്ക് എക്സിക്യൂട്ടീവ് ചെയർ, 8 എസ് ടൈപ്പ് പ്ലാസ്റ്റിക് കസേര, 10 എക്സിക്യൂട്ടീവ് മോഡൽ റിവോൾവിംഗ് ചെയർ, 9 സ്റ്റീൽ അലമാര എന്നിവ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (10/16.8.17) വിവരം ബന്ധപ്പെട്ട ഓഫീസ് അധികാരികളെ അറിയിച്ചിട്ടുണ്ട് എന്നുള്ള മറുപടിയാണ് നൽകിയത്. ഫർണ്ണീച്ചറുകൾ അടിയന്തിരമായി വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 പഴയ ഫോട്ടോസ്റ്റാറ്റ് മെഷീനിന്റെ വില നിർണ്ണയിച്ചത് ക്രമപ്രകാരമല്ല

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | *പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്കരണം,AMC (150/17)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *200000/- (വികസന ഫണ്ട്-ജനറൽ)* |
| *ചെലവഴിച്ച തുക* | *72500/- (ട്രഷറി ബിൽ നം. 22/16-17/28.12.16)* |

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ഐ.ഇ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും തോഷീബാ ഇ-സ്റ്റുഡിയോ 2309A മോഡൽ ഫോട്ടോകോപ്പിയർ വാങ്ങിയപ്പോൾ (61000/- രൂപ) പഴയ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ(ഷാർപ്പ് 5516) വില (BUYBACK AMOUNT) (7000/- രൂപ) നിശ്ചയിച്ചത് ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ പഴയ മെഷിന്റെ വില നിർണ്ണയിക്കേണ്ടത് പൊതു മരാമത്ത് വകുപ്പ് (ഇലക്ട്രോണിക് വിഭാഗം) ആണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 എസ്.എസ്.എ പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല

6മുതൽ 14വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 661788/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.14/16-17/30.11.16) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്ന മാത്രമാണ് പഞ്ചായത്തിന്റെ ചുമതല. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. സീതത്തോട് ഗ്രാമപഞ്ചായത്തിൽ കേവലം 3സർക്കാർ എൽ.പി, യു.പി വിദ്യാലയങ്ങളും 2 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ മാത്രമേയുള്ളൂ. എസ്.എസ്.എ വിഹിതമായി പഞ്ചായത്ത് നൽകുന്ന തുക സ്വകാര്യ എയഡഡ് സ്കൂളുകളിലും ചെലവഴിക്കപ്പെടുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി വിലയിരുത്തുന്നില്ല.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. മുൻ വർഷവും ഇപ്രകാരം തുക ചെലവഴിക്കുന്നതിന്റെ സംബന്ധിച്ച് പരാമർശമുണ്ടായിരുന്നുവെങ്കിലും പഞ്ചായത്ത് ഭരണസമിതിയോ അധികൃതരോ പരിഹാര നടപടികൾ സ്വീകരിക്കാത്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു.

## 3-19 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പദ്ധതികളും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *റോഡിതര സംരക്ഷണ ഗ്രാന്റ്* | *അടങ്കൽ* | *നടപ്പിലാക്കിയത്* | *ചെലവഴിച്ച* | *ലാപ്സായ* | *ചെലവ്* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| *വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം* | | | *തുക* | *തുക* | *ശതമാനം* |
| 26 | 9248062 | 9 | 3021986 | 6226076 | 32.67 |

മുൻ വർഷത്തെ പോലെ, തൻവർഷവും ചെലവായ തുകയുടെ ഭൂരിപക്ഷവും മരുന്നുകൾ വാങ്ങിക്കാനാണ് ചെലവഴിക്കപ്പെട്ടത്. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികളായ കൃഷി ഭവന്റെ പുനരുദ്ധാരണം, പ്രാഥമികാരോഗ്യ കേന്ദ്രം പുനരുദ്ധാരണം, ആങ്ങമൂഴി പി.എച്ച്.സി-യുടെ പുനരുദ്ധാരണ പ്രവൃത്തികൾ, ഗുരുനാഥൻമണ്ണ് എൽ.പി.എസിന് ചുറ്റുമതിൽ,മൃഗാശുപത്രി പുനരുദ്ധാരണം, ഹോമിയോ ആശുപത്രി പുനരുദ്ധാരണം, പാലത്തടിയാർ,മിന്നാർ അംഗൻവാടികളുടെ പുനരുദ്ധാരണം, വിവിധ അംഗൻവാടികളുടെ വയറിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാത്തത് ഗൗരവത്തോടെ ഓഡിറ്റ് വീക്ഷിക്കുന്നു.

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുളള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ആശ്രയ പദ്ധതി - അവലോകനം

*ഒന്നാം ഘട്ടം*

ഗ്രാമപഞ്ചായത്തിൽ 2013മുതൽ നടപ്പാക്കിയ റീവിസിറ്റ് ചെയ്ത ഒന്നാം ഘട്ട ആശ്രയ പദ്ധതി പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി.ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ 74 കുടുംബങ്ങളാണ് ഉള്ളത്. 2117657/-രൂപ അടങ്കലുള്ള ആദ്യഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | *ചെലവ് തുക* |
|---|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം | 11 | 220000 | 40000 |
| 2 | ഭവന നിർമ്മാണം | 4 | 800000 | 480000 |
| 3 | ചികിത്സ | 19 | 136800 | 45600 |
| 4 | വിദ്യാഭ്യാസ സഹായം | 9 | 27000 | 14665 |
| 5 | ഭക്ഷണം | 74 | 856800 | 855433 |
| 6 | വിവാഹ ധനസഹായം | 3 | 45000 | 15000 |
| 7 | പദ്ധതി നിർവ്വഹണ ചെലവ് | - | 30000 | 17130 |

| | | | | |
|---|---|---|---|---|
| 8 | റിസർവ് ഫണ്ട് | - | 2057 | - |
| | ആകെ | | **2117657** | **1467828** |

രണ്ടാം ഘട്ടം

4949600/- രൂപ അടങ്കലുള്ള രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് സ.ഉ(സാധാ.) 2674/13/ത.സ്വ.ഭ.വ തീതയി 31.10.13 പ്രകാരം അംഗീകാരം ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| വർഷം | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|
| | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | ആകെ | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | ആകെ |
| 2013-14 | 293200 | 520000 | 813200 | 52076 | 171228 | 223304 |
| 2014-15 | 1593200 | 490000 | 2083200 | 177360.50 | 428081.50 | 605442 |
| 2015-16 | 1563200 | 490000 | 2053200 | 355073 | 428903 | 783976 |
| 2016-17 | - | - | - | 213610.25 | 112495.75 | 326106 |
| ആകെ | **3449600** | **1500000** | **4949600** | **798119.75** | **1140708.25** | **1938828** |

പ്രസ്തുത പദ്ധതി പ്രകാരം വിവിധ ഇനങ്ങൾക്കായി വകയിരുത്തിയ തുകയും നാളിതുവരെയുള്ള ചെലവും (31.3.2017 വരെ) പരിശോധിക്കുമ്പോൾ ഭൂരിഭാഗം ചെലവും ഭക്ഷണ വിതരണം നടത്തുന്നതാണ് എന്ന് വ്യക്തമാകുന്നു.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|---|
| | | | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് |
| 1 | ഭക്ഷണം | 110 | 311400 | 934200 | 309110.75 | 927332.25 |
| 2 | ചികിത്സ | 69 | 27000 | 469800 | 9009 | 156591 |
| 3 | വസ്തു വാങ്ങൽ | 4 | 300000 | - | - | - |
| 4 | ഭവന നിർമ്മാണം | 13 | 2600000 | - | 480000 | - |
| 5 | ഭവന പുനരുദ്ധാരണം | 4 | 60000 | - | - | - |
| 6 | തൊഴിൽ | 21 | 151200 | - | - | - |
| 8 | വിദ്യാഭ്യാസം | 17 | - | 51000 | - | 37655 |
| 10 | പദ്ധതി തയ്യാറാക്കൽ | - | - | 15000 | - | 15000 |
| 11 | നിർവ്വഹണം/ മോണിട്ടറിംഗ് | - | - | 15000 | - | 4130 |
| 12 | റിസർവ് ഫണ്ട് | - | - | 15000 | - | - |
| | ആകെ | | **3449600** | **1500000** | **798119** | **1140708** |

ആശ്രയ സ്പെഷ്യൽ എസ്.ടി പദ്ധതി

718158/- രൂപ അടങ്കലുള്ള ആശ്രയ പദ്ധതിയ്ക്ക് സ.ഉ(സാധാ.) 1885/14/ത.സ്വ.ഭ.വ തീയതി 19.7.14 പ്രകാരം അംഗീകാരം ലഭിച്ചു. 2013-ൽ ആരംഭിച്ച പദ്ധതിയിൽ 22 ഗുണഭോക്താക്കളാണ് ഉള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ | ഇനം | ഗുണഭോക്താക്കളുടെ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| നം. | | എണ്ണം | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 22 | 174600 | 174600 | 132225 | 82765 |
| 2 | ചികിത്സ | 7 | 35295 | 40305 | - | - |
| 3 | വസ്ത്രം | 14 | 104000 | - | 70043 | - |
| 6 | സ്വയം തൊഴിൽ | 9 | 90000 | - | - | - |
| 8 | വിദ്യാഭ്യാസം | 9 | 27000 | - | - | 13400 |
| 10 | പദ്ധതി തയ്യാറാക്കൽ | - | - | 15000 | - | 15000 |
| 11 | നിർവ്വഹണം/ മോണിട്ടറിംഗ് | - | - | 50000 | - | 29720 |
| 12 | റിസർവ് ഫണ്ട് | - | - | 7358 | - | - |
| | ആകെ | | **430895** | **287263** | **202268** | **140885** |

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ , ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2016-17 | 1000000 | സീതക്കുഴി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | - | 1000000 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമല്ല.

| നിർവഹണ ഏജൻസി | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KSEB | 161/17പൂവേലിക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | 92800 | 92800 | - |
| KSEB | 164/178-ാം വാർഡ് കോട്ടക്കുഴി, 9-ാം വാർഡ് കുന്നംകുളം പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 199915 | 199915 | - |
| KSEB | 207/17പഞ്ചായത്ത് ഓഫീസ് വയറിംഗ് | 935000 | - | 935000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/ തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| ഇ.എം.എസ് ഭവന പദ്ധതി | 563/2010 തീയതി 22.2.10 | 7476000/- | 2823941/- | 2090820/- | - | 733121/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| *റിപ്പോർട്ട് വർഷം* | *ഭാഗം/ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| 1999-00 | ഖണ്ഡിക 2-3 | 27/- | ശ്രീ. റി ഡി പ്രകാശ്, എൽ.ഡി.സി | 11601101323 7.9.2016 |
| 1999-00 | ഖണ്ഡിക 2-3 | 2000/- | ശ്രീ. യോഹന്നാൻ പി റ്റി | 11601101603 26.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക നം.* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 2002-03 | 2-7 | 2007-08 | 3.13.1 | ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | പരാമർശം തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 72161363 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68231788 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 85809 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3841486 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| | *സർചാർജ്ജ് ചെയ്യാവുന്നവ* | |
| 3-2 | 12000/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 3809/- | ശ്രീ. അരുൺ ചന്ദ് എം വി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-13(1) | 70000/- | ശ്രീ. വിൻസന്റ് ആർ, വി.ഇ.ഒ |
| ആകെ | **85809/-** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും* |
|---|---|---|
| 3-2 | 183920/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 50000/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 287878/- | ശ്രീമതി ലക്ഷ്മി മോഹനൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-8 | 65760/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* |
| 3-9 | 130000/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* |
| 3-10 | 484048/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* |
| 3-11 | 250000/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* |
| 3-12 | 1348842/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* |
| 3-14 | 224000/- | ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി *(സെക്രട്ടറിയുടെ ചുമതല)* |

| | | |
|---|---|---|
| 3-15 | 155250/- | ശ്രീ. അശോക് കുമാർ ജി, അസിസ്റ്റന്റ് സെക്രട്ടറി<br>*(സെക്രട്ടറിയുടെ ചുമതല)* |
| 3-18 | 661788/- | ശ്രീ. അശോക് കുമാർ ജി, അസിസ്റ്റന്റ് സെക്രട്ടറി<br>*(സെക്രട്ടറിയുടെ ചുമതല)* |
| ആകെ | **3841486** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അശോക് കുമാർ ജി, സെക്രട്ടറി | സെക്രട്ടറി, സീതത്തോട് ഗ്രാമപഞ്ചായത്ത് | ദേവ് സദൻ, തണ്ണിത്തോട് പി.ഒ 689699 |
| ശ്രീ. വിൻസെന്റ്, വി.ഇ.ഒ | വി.ഇ.ഒ, സീതത്തോട് ഗ്രാമപഞ്ചായത്ത് | ആർ വി സദനം, അന്തിയൂർകോണം, കൊല്ലാക്കോട് പി.ഒ 695571 |
| ശ്രീ. അരുൺ ചന്ദ് എം വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, സീതത്തോട് ഗ്രാമപഞ്ചായത്ത് | അരുൺ നിവാസ്, ഏറം, ചാത്തന്നൂർ പി.ഒ, കൊല്ലം 691572 |
| ശ്രീ. പി ആർ വിജയസേനൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, സീതത്തോട് ഗ്രാമപഞ്ചായത്ത് | തടത്തേൽ വീട്, പാമ്പിനി, ചിറ്റാർ 689663 |
| ശ്രീമതി ലക്ഷ്മി മോഹനൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, സീതത്തോട് ഗ്രാമപഞ്ചായത്ത് | വടക്കേതിൽ ഹൗസ്, കൊടുംതറ, പത്തനംതിട്ട 689645 |

| | | |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.30/00 തീയതി 11.4.01/5.6.01 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3.64/01 തീയതി 14.2.01 | 26 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4.422/03 തീയതി 7.1.04/2.8.04 | 16 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.29/06 തീയതി 9.2.07 | എല്ലാ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.477/10 തീയതി 8.12.10/29.7.11 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.923/07 തീയതി 2.3.08 | എല്ലാ ഖണ്ഡികകളും |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.478/10 തീയതി10.12.10/15.3.11 | എല്ലാ ഖണ്ഡികകളും |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി5.976/08 തീയതി 30.6.09 | എല്ലാ ഖണ്ഡികകളും |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5.977/08 തീയതി 29.7.99 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി3.625/09 തീയതി 22.2.10 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5.626/09 തീയതി 8.12.10 | 16 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5.479/10 തീയതി 2.7.11 | 25 |
| 2008-09 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി6.336/13 തീയതി 5.7.13 | എല്ലാ ഖണ്ഡികകളും |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.337/13തീയതി 5.7.13 | എല്ലാ ഖണ്ഡികകളും |
| 2012-13 & 2013-14 | എൽ.എഫ്.പി.റ്റി.എ-പി6.183/15 തീയതി 07.04.15 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി6.856/2016 തീയതി 27.07.2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1284/2016 തീയതി 24.11.2016 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി6-1110/17 തീയതി 3.10.17

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# 2

# AUDIT CERTIFICATE

**AUDIT CERTIFICATE**

**No.KSAPTA.P6-1110/17 Dated 3.10.2017**

Certified that I have Audited the Annual Financial Statement of Seethathode Grama Panchayat in Pathanamthitta district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Seethathode Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta